# സർഗസാഹിത്യം രചിക്കാത്ത സാഹിത്യകാരൻ

കാരൂർ സോമൻ



കേരളത്തിലെ പ്രമുഖ ഭാഷാ പണ്ഡിതനും സാഹിത്യകാരനുമായിരുന്ന ഡോ. കെ.എം. ജോർജ് നമ്മെ വിട്ടുപിരിഞ്ഞിട്ട് രണ്ടുവർഷം തികയുന്നു. 1914–ൽ ഇടയാറന്മുളയിലെ ഒരു സാധാരണ കുടുംബത്തിൽ ജനിച്ച അദ്ദേഹം 1951–ൽ മദ്രാസ് സർവകലാശാലയിൽനിന്ന് എം. എ. പി. എച്ച്. ഡി. ബിരുദങ്ങളും കേരള സർവകലാശാലയിൽനിന്ന് ഡി. ലിറ്റ് ബിരുദവും നേടി. ഡോക്ടറേറ്റ് ലഭിക്കാനായി അദ്ദേഹം സമർപ്പിച്ച പ്രബന്ധം രാമചരിതവും പ്രാചീന മലയാളവുമായിരുന്നു. ഈ പ്രബന്ധം ഭാഷാ ഗവേഷണത്തിലേക്കു മാത്രമല്ല മലയാള ഭാഷയുടെ ഉൽപത്തിയിലേക്കും വെളിച്ചം വീശുന്നു. ഇന്നു ഭാഷാ പണ്ഡിതൻമാർ വിളിച്ചറിയിക്കുന്നത് 1951–ൽ കെ.എം. ജോർജിന്റെ പ്രബന്ധവാക്കുകൾ തന്നെയാണ്. അത് ഇപ്രകാരമാണ്.

ഏതൊരു ഭാഷയുടെയും സംസ്കാരവും സമ്പത്തിയും അഞ്ച് ഭൂതകാലമായാലും വർത്തമാനകാലമായാലും സമന്വയിപ്പിച്ചിരിക്കുന്നതു നമ്മുടെയെല്ലാം അത് ഏത് ഭാഷയായാലും നാടൻ കലകളിലും കവിതകളിലും ഇതരകലാരൂപങ്ങളിലുമാണ്. സാഹിത്യകലയുടെ ആരംഭം മുതൽ സാഹിത്യം ലോകമെമ്പാടുമുള്ള നരവംശത്തെ ആകർഷിക്ക മാത്രമല്ല വശീകരിക്കുകയും ചെയ്തിട്ടുണ്ട്. മലയാള ഭാഷയ്ക്ക് സർഗരചനകളെക്കാൾ വിജ്ഞാനസാഹിത്യ ഗവേഷണ ശാസ്ത്രീയരചനകളാണ് കെ.എം. ജോർജ് നൽകിയത്. അതുകൊണ്ട് ഇന്നും അദ്ദേഹം ആ ആചാര്യപദവിയിൽ നിലനിൽക്കുന്നു. മലയാള ഭാഷയ്ക്കും ശാസ്ത്ര–സാഹിത്യത്തിനും ഒരായുഷ്കാലം ജീവിതം ഉഴിഞ്ഞുവെച്ച കെ.എം. ജോർജ് കേരളത്തിലെ ഭാഷാ ഗുണ്ടർട്ടാണെന്നുള്ളതിനു രണ്ടുപക്ഷമില്ല. ഭാഷയുടെയും സംസ്കാരത്തിന്റെയും തുടിപ്പുകൾ മലയാള ഭാഷയ്ക്കു ലഭിച്ചത് കെ.എം. ജോർജിലൂടെയാണ്. 1951–ൽ എഴുതിയ രാമചരിതവും പ്രാചീന മലയാളവും അതിനു തെളിവാണ്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പുറത്തിറങ്ങിയ മലയാള എൻസൈക്ലോപീഡിയ, സർവവിജ്ഞാനകോശം എന്നീ ബ്രഹത്ഗ്രന്ഥങ്ങൾ മലയാള ഭാഷയുടെ ഉൽപത്തിക്കും ചരിത്രവും മാനവ സംസ്കാരവും ഉൾക്കൊണ്ടതാണ്. ഈ ഗ്രന്ഥങ്ങൾ കേരള ഭാഷയുടെ മണിമുത്തുകളായി നിലനിൽക്കുന്നു. വേദപുസ്തക മഹാത്മ്യം, സാഹിത്യവിജ്ഞാനവും വിജ്ഞാനസാഹിത്യവും, സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ വളരുന്ന കൈരളി ഇങ്ങനെ ധാരാളം കൃതികൾ കേരള ഭാഷയ്ക്കായി അദ്ദേഹം സംഭാവന ചെയ്തിട്ടുണ്ട്. അതുകൊണ്ടുതന്നെയാണ് ജോസഫ് മുണ്ടശേരി അദ്ദേഹത്തെ വിളിച്ചത് മലയാള ഭാഷയുടെ ചാർട്ടേർഡ് അക്കൗണ്ടന്റ്. ഇന്ത്യയിലെ പ്രാദേശിക ഭാഷകളുടെ ഉദ്ഭവവും, സ്ഥലപ്പേരുകൾ, ഇവയ്ക്കായി ഗവേഷണങ്ങൾ നടത്തി ഭാരത ഭാഷകളിലും അദ്ദേഹം ശ്രദ്ധേയനായിട്ടുണ്ട്.

ഞാനദ്ദേഹത്തെ പരിചയപ്പെടുന്നതു ഡൽഹിയിൽ കേന്ദ്ര സാഹിത്യ അക്കാദമി സെക്രട്ടറി ആയിരിക്കുമ്പോഴാണ്. അദ്ദേഹം മലയാള ഭാഷയുടെ അംബാസിഡറായി ഡൽഹിയിൽ ഉള്ളപ്പോൾ കേന്ദ്ര സാഹിത്യ അക്കാദമി ഹാൾ, മണ്ഡി ഹൗസിൽ കേരളത്തിൽനിന്നുള്ള നാടൻകലകളുടെ വേലിയേറ്റമായിരുന്നു. എത്രയോ ഓട്ടൻതുള്ളൽ, ഭരതനാട്യം, കുച്ചിപ്പുടി നൃത്തം കണ്ടാസ്വദിച്ചത് ഇന്നും ഓർമയിൽ മായാതെ നിൽക്കുന്നു. അദ്ദേഹം ഏർപ്പെടുത്തിയ സാഹിത്യസെമിനാറിലും ചർച്ചകളിലുമൊക്കെ എഴുത്തുകാരും ഭാഷാസ്നേഹികളും സംബന്ധിക്കുക പതിവായിരുന്നു. അദ്ദേഹം സെക്രട്ടറിയായിരുന്നകാലം ഡൽഹിയിൽ മലയാള ഭാഷയ്ക്ക് സുവർണകാലമായിരുന്നു. ആ സമയത്താണ് തകഴിയുടെ കയർ എന്ന നോവലിന് ജ്ഞാനപീഠം അവാർഡ് ലഭിക്കുന്നത്. ഇന്നുള്ള ഒരുകൂട്ടം എഴുത്തുകാരെപ്പോലെ അദ്ദേഹം സ്വാർഥമോഹിയും, ഗ്രൂപ്പ് കളിക്കാരനുമായിരുന്നില്ല. മലയാള ഭാഷയെ, മലയാളിയെ മാത്രമല്ല എന്നെപ്പോലുള്ള എളിയ എഴുത്തുകാരെയും അദ്ദേഹം പ്രോൽസാഹിപ്പിച്ചിട്ടുണ്ട്. മലയാളത്തിലും ഇംഗ്ലീഷിലുമായി നാൽപതിലധികം കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്. ഉന്നത ബഹുമതിയായ പത്മഭൂഷൻ, പത്മശ്രീ, എഴുത്തച്ഛൻ പുരസ്കാരം, സോവിയറ്റ് ലാൻഡ്, നെഹ്റു അവാർഡ്, വള്ളത്തോൾ പുരസ്കാരം, ഭാരതീയ സാഹിത്യ പരിഷത്ത് അവാർഡ്, സാഹിത്യപ്രവർത്തക ബെനഫിറ്റ് ഫണ്ട് മുതലായവ അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്. വളരെ ഖേദപൂർവം പറയട്ടെ ഈ ഭാഷാ ഗുണ്ടർട്ടിന്റെ നാമത്തിൽ കേരള സർക്കാർ യാതൊരു പുരസ്കാരവും ഏർപ്പെടുത്തിയിട്ടില്ല. ഭാഷയെ പൂജിക്കേണ്ടവർ ഭാഷയെ മ്ലേച്ഛമായി കാണുമ്പോൾ എന്തു പറയാൻ?

## ആദ്യഫലപ്പെരുനാ

കുവൈത്ത്: സെന്റ് ഗ്രിഗോറിയോസ് ഓർത്ത
പ്പെരുനാൾ 26നു രാവിലെ ഒൻപതു മുതൽ 
ബ് പാർക്കിൽ വിവിധ പരിപാടികളോടുകൂടി
ഡോ. സ്തേഫാനോസ് മാർ തേവോദോസി
മന്ത്രി ഡൊമിനിക് പ്രസന്റേഷൻ, മുൻമന്ത്രി
ഐ. എ. എസ്. എന്നിവർ സാംസ്കാരിക സ
ഉച്ചകഴിഞ്ഞു നടക്കുന്ന ഗാനമേളയിൽ പ്രശ
വും ചേർന്ന് അവതരിപ്പിക്കുന്ന ഗാനങ്ങളോ
ണകളുണർത്തുന്ന സംഗീതവും ഉണ്ടാവും.
പരിപാടികളുടെ നടത്തിപ്പിലേക്ക് ഇടവക വി
ജോബി പീറ്റർ, ട്രസ്റ്റി സാബു ടി. ജോർജ്,
ജി പോൾ എന്നിവരുടെ നേതൃത്വത്തിൽ വിപ

## പ്രകാശനം ചെയ്

ടിജു എം. തങ്കച്ചന്റെ ഒരു കഴുതയുടെ ജീവ
മി എന്നീ പുസ്തകങ്ങൾ ഗ്രന്ഥശാലാസം
സാമാജികനും കവിയുമായ കടമ്മനിട്ട രാമ
പ്രസിഡന്റ് കടമ്മനിട്ട വാസുദേവൻപിള്ളയ്
സൊസൈറ്റി (കാസ്) യുടെ നാൽപതാമതു
ആദരിക്കുന്ന ചടങ്ങിലാണ് പുസ്തകങ്ങളു

## ഗൾഫ് കാഴ്ച



ടി.കെ.സന്തോഷ്കുമാർ, ഷാർജ

മരുഭൂമിയിലെ മരുപ്പച്ച: ആയുർവേദ